"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി റസീനയ്ക്കും ശ്രീ. ആബിദ് കൊറ്റങ്ങോടനും,PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും ഭൂമിയും കോഴിക്കോട് എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി ലഭിച്ച തുകയിൽ നിന്നും, പദ്ധതി ധനസഹായമായി അനുവദിച്ച തുക, പലിശ ഇനത്തിൽ കുറവ് ചെയ്ത തുക എന്നിവ തിരികെ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2670/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. കൊണ്ടോട്ടി നഗരസഭയുടെ 03.10.2023 തീയതിയിലെ 37/1 നമ്പർ തീരുമാനം
2. WP(C) 3651/2024, WP(C) 41666/2024 എന്നിവയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 23/08/2025 തീയതി ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2025 ലെ LSGD/PD/37536/2024/CSSA2 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം കൊണ്ടോട്ടി നഗരസഭയിലെ PMAY-U പദ്ധതി ഗുണഭോക്താക്കളായ ശ്രീമതി.റസീന, W/o ഷമീർ, ഇരുത്തൊടിക ഹൌസ്, കൊണ്ടോട്ടി, ശ്രീ. ആബിദ് കൊറ്റങ്ങോടൻ, കൊറ്റങ്ങോടൻ ഹൗസ്, കൊണ്ടോട്ടി എന്നിവർ തങ്ങൾക്ക് നഗരസഭയിൽ നിന്നും PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും ഭൂമിയും കോഴിക്കോട് എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി ലഭിച്ച തുകയിൽ നിന്നും, PMAY-U പദ്ധതി ധനസഹായ തുകയും പലിശയും കുറവ് ചെയ്താണ് കൈമാറിയതെന്നും പ്രസ്തുത തുക തിരികെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. ടി തുക ടിയാളുകൾക്ക് തിരികെ അനുവദിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് കൊണ്ടോട്ടി നഗരസഭാ കൗൺസിൽ പരാമർശം 1 പ്രകാരം തീരുമാനമെടുത്തിട്ടുമുണ്ട്.

ഈ വിഷയത്തിൽ അനുകൂല നടപടി ആവശ്യപ്പെട്ട് ശ്രീമതി.റസീന ശ്രീ. ആബിദ് കൊറ്റങ്ങോടൻ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ പരാതിക്കാർക്ക് കുറവ് ചെയ്ത തുക തിരികെ നൽകാൻ പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കൊണ്ടോട്ടി നഗരസഭയിൽ നിന്നും PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും ഭൂമിയും കോഴിക്കോട് എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി അനുവദിച്ച തുകയിൽ നിന്നും PMAY-(U) പദ്ധതി ധനസഹായമായി അനുവദിച്ച തുക, പലിശ ഇനങ്ങളിൽ കുറവ് ചെയ്ത തുക ശ്രീമതി.റസീനയ്ക്കും, ശ്രീ.ആബിദ് കൊറ്റങ്ങോടനും തിരികെ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയിൽ നിന്നും PMAY-U പദ്ധതി പ്രകാരം അനുവദിച്ച വീടും ഭൂമിയും കോഴിക്കോട് എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി ലഭിച്ച തുകയിൽ നിന്നും, പദ്ധതി ധനസഹായമായി അനുവദിച്ച തുക, പലിശ ഇനത്തിൽ കുറവ് ചെയ്ത തുക ഇങ്ങനെ ആകെ 6,28,800/- രൂപ (ആറു ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എണ്ണൂറു രൂപ മാത്രം) ശ്രീമതി.റസീനയ്ക്കും, 5,52,800/- രൂപ (അഞ്ചു ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ശ്രീ.ആബിദ് കൊറ്റങ്ങോടനും തിരികെ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ
ശ്രീമതി റസീന, W/o ഷമീർ, ഇരുത്തൊടിക ഹൌസ്, കൊണ്ടോട്ടി
ശ്രീ. ആബിദ് കൊറ്റങ്ങോടൻ, കൊറ്റങ്ങോടൻ ഹൌസ്, കൊണ്ടോട്ടി
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 05-11-2025 16:22:23

സെക്ഷൻ ഓഫീസർ